# Malayala Manorama

## 27 August 2018

## Thiruvananthapuram, After Flood, Extent of the Flood, Rebuild Kerala

# പ്രളയവ്യാപ്തി കേന്ദ്രത്തിനറിയാം; അതിന്റെ പ്രതിഫലനം പ്രതീക്ഷിക്കുന്നു: മുഖ്യമന്ത്രി

**പുനർനിർമാണത്തിന് രാജ്യാന്തര ഏജൻസികളുടെ സഹായം തേടും**

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● കേരളത്തിലെ പ്രളയദുരന്തത്തിന്റെ വ്യാപ്തിയെക്കുറിച്ചു കേന്ദ്ര സർക്കാരിനു പൂർണ ബോധ്യമുണ്ടെന്നാണു മനസ്സിലാക്കുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. സ്ഥിതിഗതികൾ നേരിട്ടുകണ്ട പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രിയും അങ്ങനെയാണു പറഞ്ഞത്. കൂടെ സഞ്ചരിച്ചതുകൊണ്ട് ഉള്ളിൽ തട്ടിയുള്ള അഭിപ്രായപ്രകടനമാണ് അവർ നടത്തിയതെന്നാണു മനസ്സിലാക്കുന്നത്. അതിന്റെ സ്വാഭാവിക പ്രതിഫലനം ഉണ്ടാകും. അർപ്പണബോധത്തോടെയുള്ള റിപ്പോർട്ട് കേന്ദ്ര സംഘം തയാറാക്കുമെന്നു കരുതുന്നു - മനോരമ ന്യൂസ് ചാനലിന്റെ ലൈവത്തോൺ പരിപാടിയിൽ അദ്ദേഹം പറഞ്ഞു.

നാടിന്റെ പുനഃസൃഷ്ടിക്കായി ദേശീയ, രാജ്യാന്തര തലത്തിൽ പ്രാഗദ്ഭ്യം തെളിയിച്ച ഏജൻസികളുടെ സഹായം തേടും. ആകെയുള്ള വരുമാനമാർഗങ്ങൾ നഷ്ടപ്പെട്ടവരുമുണ്ട്. കന്നുകാലികൾ, ചെറിയ കടകൾ തുടങ്ങിയവയെ ആശ്രയിച്ചു ജീവിക്കുന്നവരുണ്ട്. ഈ നഷ്ടം വലുതാണ്. അവർക്കു ജീവിതം വീണ്ടെടുത്തു നൽകുന്നതാണു പ്രധാനം. ചില കാര്യങ്ങൾ മുഴുവൻ സർക്കാരിനു ചെയ്യാൻ കഴിയില്ലെന്നതിനാൽ ബാങ്കുകളെക്കൂടി സഹകരിപ്പിച്ചു വായ്പകൾ ലഭ്യമാക്കും. പുനരധിവാസ പ്രവർത്തനങ്ങളിൽ ഇവരും പങ്കാളികളാകും. ആരുടെയും ആഹ്വാനമില്ലാതെ രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയ യുവജനങ്ങളാണു കേരളത്തിന്റെ കരുത്ത്. അങ്ങേയറ്റം അർപ്പണബോധത്തോടെയാണ് അവർ പ്രവർത്തിച്ചത്. ഇത്തരം പ്രവർത്തനങ്ങളുണ്ടെങ്കിൽ ഏതു പ്രതിസന്ധിയും മറികടക്കാൻ നമുക്കു സാധിക്കും.

പ്രളയകാര്യങ്ങളിലെ എല്ലാ വിഷയങ്ങളും അവതരിപ്പിക്കുന്നതിനാണു പ്രത്യേക നിയമസഭാ സമ്മേളനം നടത്തുന്നത്. മുഴുവൻ സഭാസാമാജികർക്കും കാര്യങ്ങൾ അവതരിപ്പിക്കാൻ സാധിക്കും. സഭയിൽ ഉണ്ടാകുന്ന തീരുമാനങ്ങളും പുനർനിർമാണത്തിനു ശക്തിപകരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പരിസ്ഥിതിയുടെ കാര്യത്തിൽ ഇപ്പോൾ തന്നെ നല്ല ജാഗ്രത കാണിക്കുന്നുണ്ടെന്നു മുഖ്യമന്ത്രി പറഞ്ഞു. ദുരന്തത്തിൽ വെള്ളം ഉയർന്ന പ്രദേശങ്ങളിലും മലയിടിച്ചിൽ ഉണ്ടായ പ്രദേശങ്ങളിലും പഠനം നടത്തും. അവിടങ്ങളിൽ കൂടുതൽ മുൻകരുതൽ സ്വീകരിക്കും. വെള്ളപ്പൊക്കത്തെക്കുറിച്ചു സർവേ നടത്തി നടപടികൾ രേഖപ്പെടുത്തും.